"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - 2023-24 വർഷത്തിലെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനായി ശ്രീ. രാരാരാജ് ആർ. കെഎഎസ് - ന് അനുവദിച്ച അനുമതി ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും 30 ദിവസത്തെ ആർജ്ജിതാവധി റീക്രെഡിറ്റ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.5499/2024/GAD തീയതി, തിരുവനന്തപുരം, 12-12-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 713/2024/പൊഭവ തീയതി, 16.02.2024.
2. സ.ഉ. (അച്ചടി) നം. 54/2024/ധന തീയതി, 11.07.2024.
3. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 21.08.2024 - ലെ S001/GL2/56/2024/ADM-KSRTC-HQ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ജനറൽ മാനേജർ ആയി സേവനമനുഷ്ഠിച്ചിരുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീ. രാരാരാജ് ആർ. കെഎഎസ് - ന് 20.01.2024 തീയതി പ്രാബല്യത്തിൽ 2023-24 വർഷത്തിലെ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനും പ്രസ്തുത തുക ടിയാന്റെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ലയിപ്പിക്കുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ, കെ.എസ്.ആർ.ടി.സി. - യിൽ 1999 മുതൽ ജീവനക്കാർക്ക് വാർഷികാടിസ്ഥാനത്തിലുള്ള ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നില്ല എന്നും വിരമിക്കുന്നതിനു മുന്നോടിയായി ടെർമിനൽ ലീവ് സറണ്ടർ മാത്രമാണ് അനുവദിച്ചു വരുന്നതെന്നും കൂടാതെ, കടുത്ത സാമ്പത്തിക പരാധീനതയിൽ തുടരുന്ന കോർപ്പറേഷന് സർക്കാർ ധനസഹായം ലഭ്യമായാൽ മാത്രമേ ശ്രീ. രാരാരാജ് ആർ. കെഎഎസ് - ന് ആർജ്ജിതാവധി സറണ്ടർ തുക അനുവദിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ കോർപ്പറേഷൻ ഭരണസമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. രാരാരാജ് ആർ. കെഎഎസ് നിലവിൽ ജോലി ചെയ്യുന്ന സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് മുഖേന ആർജ്ജിതാവധി സറണ്ടർ തുക അനുവദിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീ. രാരാരാജ് ആർ. കെഎഎസ് (PEN : 932790) - ന് 2023-24 വർഷത്തിലെ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിനുള്ള അനുമതി

നൽകിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, പരാമർശം (2) ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് വരുത്തി ടിയാന്റെ ലീവ് അക്കൗണ്ടിലേക്ക് 30 ആർജ്ജിതാവധി റീക്രെഡിറ്റ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ശ്രീ. രാരാരാജ് ആർ. കെഎഎസ്, ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്), ഇടുക്കി, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.
കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (09.12.2024 - ലെ EXP-A2/586/2024-FIN പ്രകാരം).
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 12-12-2024 16:00:22
സെക്ഷൻ ഓഫീസർ